(എഫ്) എല്ലാ ജില്ലകളിലുമായി പ്രസ്തുത ബസ്സുകൾ സർവ്വീസ് നടത്തിപ്പിനു നൽകിയിട്ടുണ്ട്.

ജില്ല തിരിച്ചുള്ള വിവരം

കാസർഗോഡ്	-	3 ബസ്സുകൾ
കണ്ണൂർ	-	3 "
വയനാട്	-	7 "
കോഴിക്കോട്	-	17 "
തിരുവനന്തപുരം	-	27 "
കൊല്ലം	-	10 "
ആലപ്പുഴ	-	6 "
കോട്ടയം	-	33 "
ഇടുക്കി	-	5 "
എറണാകുളം	-	7 "
തൃശ്ശൂർ	-	13 "
പാലക്കാട്	-	2 "
മലപ്പുറം	-	6 "

കൊപ്രയ്ക്ക് പുതുക്കിയ വില

30 (*90)ശ്രീമതി രാധാ രാഘവൻ :

ശ്രീ. എഴുകോൺ നാരായണൻ :

പ്രൊഫസർ സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയ്ക്ക് പുതുക്കിയ തറവിലയോ താങ്ങുവിലയോ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ചതെന്നാണ്; അത് എത്രയാണ്;

(ബി) ഇവ എത്രയായി പ്രഖ്യാപിക്കണമെന്നാണ് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നത്;

(സി) ഇതിനുവേണ്ടി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഈ വർഷം കൊപ്രയുടെ താങ്ങുവിലയോ തറവിലയോ പ്രഖ്യാപിച്ചതെന്നാണെന്ന് പറയുമോ;

(ഇ) തേങ്ങയുടെ സീസൺ അവസാനിച്ചശേഷം ഇത് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വലിയ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 2000-ാമാണ്ടിലെ താങ്ങുവില കേന്ദ്രസർക്കാർ പ്രഖ്യാപിച്ചത് ഏപ്രിൽ 29-നാണ്. മില്ലിംഗ് കൊപ്ര ക്വിന്റലിന് 3250/- രൂപയും ഉണ്ട കൊപ്ര ക്വിന്റലിന് 3500/- രൂപയും ആയാണ് പ്രഖ്യാപിച്ചത്.

(ബി) 4100/- രൂപയും 4300/- രൂപയും വീതമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ദേശീയ കാർഷിക വിലനിർണ്ണയ കമ്മിഷനെ 1999-സെപ്തംബർ മാസത്തിൽ തന്നെ സംസ്ഥാന സർക്കാരിന്റെ ആവശ്യങ്ങൾ അറിയിച്ചിരുന്നു. ഒക്ടോബർ മാസത്തിൽ കേന്ദ്രസംഘം സംസ്ഥാനം സന്ദർശിച്ചപ്പോൾ നമ്മുടെ ആവശ്യങ്ങൾ യുക്തിസഹമായി അറിയിക്കുകയുണ്ടായി. ഏറ്റവും പെട്ടെന്ന് സീസൺ ആരംഭിക്കുന്നതിന് മുൻപ് താങ്ങുവില പ്രഖ്യാപനം ഉണ്ടാകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം അംഗീകരിച്ചു കിട്ടുവാൻ മുഖ്യമന്ത്രിയുടെ തലത്തിലും കൃഷിമന്ത്രിയുടെ തലത്തിലും കേന്ദ്രഗവൺമെന്റിനോട് നിവേദനങ്ങളിലൂടെയും നേരിട്ടും നിരവധി പ്രാവശ്യം ആവശ്യപ്പെട്ടു. വളരെ താമസിച്ചാണ് പ്രഖ്യാപനം പുറത്തുവന്നത്. സർക്കാർ ആവശ്യപ്പെട്ടതിനു വിരുദ്ധമായി മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 3250/- രൂപയും ഉണ്ടകൊപ്രയ്ക്ക് 3500/- രൂപയും ആണ് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങു വില.

(ഡി) 2000 ഏപ്രിൽ 29.

(ഇ) സീസൺ ആരംഭിക്കുന്നതിനു മുൻപുതന്നെ താങ്ങുവില പ്രഖ്യാപിക്കാതിരുന്നത് നാളീകേര കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിന് തടസ്സമായിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

1 (267) ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നികുതി വരുമാനങ്ങളിൽ നിന്നുള്ള സംസ്ഥാനങ്ങളുടെ വിഹിതം എപ്രകാരമായിരിക്കുമെന്നതിനെപ്പറ്റിയുള്ള പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ കാര്യത്തിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എങ്കിൽ ഉത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ധനകാര്യ കമ്മീഷന്റെ ധനപരിഷ്ക്കാരങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളിൽ വന്ന അധിക പരാമർശങ്ങൾ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളോട് പൊരുത്തപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച യഥാർത്ഥ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പതിനൊന്നാം ധനകാര്യ കമ്മിഷന്റെ ഇടക്കാല റിപ്പോർട്ട് പ്രകാരം

(1) ആദായ നികുതിയുടെ ശിഷ്ട വരുമാനത്തിന്റെ 80% ഉം.

LIBRARY ARCHIVES Kerala Legislative Assembly